**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2333** **12-12-2022 - ൽ മറുപടിയ്ക്ക്**

**അഞ്ചാം പനി പ്രതിരോധത്തിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ അഞ്ചാം പനി റിപ്പോർട്ട് ചെയ്തതിന്റെ പശ്ചാത്തലത്തിൽ അഞ്ചാം പനി പ്രതിരോധത്തിന് ആരോഗ്യ വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | കേരളത്തിൽ അഞ്ചാം പനി (മീസിൽസ്) പ്രതിരോധത്തിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മറ്റ് അനുബന്ധ വകുപ്പുകളുടെയും സഹകരണത്തോടെ ആരോഗ്യ വകുപ്പ് വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വാക്സിനേഷൻ കുറവുള്ള സ്ഥലങ്ങളിൽ മീസിൽസ് രോഗം വരുന്നതിന് സാധ്യത കൂടുതലായതിനാൽ വാക്സിൻ ലഭിക്കാത്ത കുട്ടികൾക്ക് വിവിധ സർക്കാർ ആരോഗ്യസ്ഥാപനങ്ങൾ വഴി മീസിൽസ്-റുബെല്ല (MR) വാക്സിൻ നൽകി വരുന്നു. ഇതുകൂടാതെ രോഗം ബാധിച്ച മുഴുവൻ പേരെയും നിരീക്ഷിക്കുകയും രോഗം ബാധിച്ചവർക്ക് വിറ്റാമിൻ-എ നൽകുകയും ചെയ്തുവരുന്നു. ആശുപത്രികളിൽ കിടത്തി ചികിത്സ ആവശ്യമായ രോഗികൾക്ക് അതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്.<br><br>മെഡിക്കൽ കോളേജുകളുടെ അർബൻ/റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്റർ വഴി രോഗപ്രതിരോധ പ്രവർത്തനങ്ങളെപ്പറ്റി പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തി വരുന്നു. അഞ്ചാംപനി കൂടുതലായി റിപ്പോർട്ട് ചെയ്യുന്ന സ്ഥലങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ വിപുലമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് നടത്തി വരുന്നു. ജില്ലാതല അവലോകനം നടത്തി അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | അഞ്ചാം പനി പ്രതിരോധ വാക്സിന്റെ ലഭ്യത എല്ലാ ജില്ലകളിലും ഉറപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ഉണ്ട്.<br><br>സംസ്ഥാനത്ത് എല്ലാ ജില്ലകളിലുമായി 2.30 ലക്ഷം (രണ്ടുലക്ഷത്തി മുപ്പതിനായിരം) മീസിൽസ് റുബെല്ല (MR) വാക്സിൻ ലഭ്യമാണ്. ഇതിനുപുറമെ 1.50 ലക്ഷം (ഒരു ലക്ഷത്തി അമ്പതിനായിരം) മീസിൽസ് റുബെല്ല (MR) വാക്സിൻ കേന്ദ്ര ആരോഗ്യ |

| | | | |
|---|---|---|---|
| | | | കുടുംബക്ഷേമ മന്ത്രാലയം സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ